സിറാജ്
02-07-2018

# കടൽപ്പായലിൽ നിന്ന് ഔഷധ നിർമാണം: യുവ ശാസ്ത്രജ്ഞന് പുരസ്കാരം



കാജൽ ചക്രവർത്തി

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി എം എഫ് ആർ ഐ) സീനിയർ സയന്റിസ്റ്റും നാഷനൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് ഫെല്ലോയുമായ ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസി എ ആർ) ഇത്തവണത്തെ റാഫി അഹ്മദ് കിദ്വായ് പുരസ്കാരം. കടൽപ്പായലിൽ നിന്ന്, പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധോത്പന്നങ്ങൾ വികസിപ്പിച്ചതടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം.

സമുദ്ര ജൈവസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളാണ് ഡോ. കാജലിന്റെ പ്രവർത്തന മേഖല. ഈ മേഖലയിലെ അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങൾക്ക് പേറ്റന്റ് നേടിയിട്ടുണ്ട്.

ഡോ. കാജൽ ചക്രവർത്തി വികസിപ്പിച്ച ഔഷധോത്പന്നങ്ങളുടെ സാങ്കേതികവിദ്യ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിന് സി എം എഫ് ആർ ഐ സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഓരോ വർഷവും കാർഷിക ഗവേഷണത്തിൽ മികവ് പുലർത്തുന്നവർക്ക് നൽകുന്നതാണ് അഞ്ച് ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന ഈ പുരസ്കാരം. ഐ സി എ ആറിന്റെ സ്ഥാപകദിനമായ 16ന് ഡൽഹിയിൽ വെച്ച് നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പുരസ്കാരം നൽകും.